**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ഇല്ലാതെ, **2013-2014** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി **40** ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2820 /2016/തസ്വഭവ തിരുവനന്തപുരം, തീയതി 05.10.2016

---

പരാമർശം - 1..ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.03.2016 ലെ A3/1895/15 നമ്പർ കത്ത്.

2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.09.2016 ലെ 1998/C1/2010/SM നമ്പർ കത്ത്

## ഉത്തരവ്

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റിന് 10500/- രൂപ വകയിരുത്തിയിരുന്നുവെന്നും , 2625/- രൂപ പഞ്ചായത്ത് വിഹിതമായും തുല്യമായ തുക ഗുണഭോക്തൃ വിഹിതമായും 5250/- രൂപ ശുചിത്വ മിഷൻ വിഹിതമായും ഉൾപ്പെടുത്തിയാണ് പദ്ധതി ആസൂത്രണം ചെയ്തതെന്നും, ജില്ലാ പ്ലാനിങ് കമ്മിറ്റി പാസാക്കിയ പദ്ധതിയുടെ പകർപ്പും പദ്ധതിയിലെ 40 ഗുണഭോക്താക്കളുടെ ലിസ്റ്റും ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരുന്നുവെന്നും പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ വിഹിതം സമാഹരിച്ചിരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ സമ്മർദ്ദത്താൽ ശുചിത്വ മിഷൻ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് മുൻപ് തന്നെ പഞ്ചായത്ത് പദ്ധതി നടപ്പാക്കിയെന്നും, ശുചിത്വ മിഷൻ വിഹിതം ലഭ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ ഈ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 1 പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

2013-2014 ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് 2.5 kg /day ശേഷിയുള്ള FRP യിൽ നിർമിച്ച വാട്ടർ ജാക്കറ്റോടു കൂടിയ 76 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ശ്രീകൃഷ്ണപുരം പഞ്ചായത്തിന് സാങ്കേതിക അനുമതി നൽകിയിരുന്നുവെന്നും എന്നാൽ സാങ്കേതിക അനുമതിയില്ലാത്ത 40 പ്ലാന്റുകൾ ഉൾപ്പടെ

116 പ്ലാന്റുകൾ പഞ്ചായത്ത് സ്ഥാപിച്ചുവെന്നും ശുചിത്വ മിഷനിൽ നിന്ന് അനുമതി ലഭിക്കും എന്ന വിശ്വാസത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിലുണ്ടായ സമ്മർദ്ദത്തിൽ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിക്ക് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം 2 പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-2014 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയില്ലാതെ 40 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി.സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ